22. ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കൽ

23. ആശുപത്രികളിൽ ക്വാളിറ്റി അഷ്വറൻസ് പദ്ധതി നടപ്പാക്കുക

24. ആയുഷ് പദ്ധതി

25. ആരോഗ്യ ബോധശീലവൽക്കരണ പ്രവർത്തനങ്ങൾ

26. പദ്ധതികളുടെ മേൽനോട്ടവും അവലോകനവും

27. ആരോഗ്യവിവര ശേഖരണ പദ്ധതി (എച്ച്.ഐ.എം.എസ്)

28. റേഡിയോ ഹെൽത്ത്

29. ജീവിതശൈലീരോഗ നിയന്ത്രണപദ്ധതി

30. അയഡിൻ കുറവുമൂലമുണ്ടാകുന്ന രോഗനിയന്ത്രണപദ്ധതി

31. സംയോജിത രോഗ അവലോകന പദ്ധതി

32. ദേശീയ ജന്തുജന്യ രോഗനിയന്ത്രണ പദ്ധതി

33. ദേശീയ ക്ഷയരോഗ നിയന്ത്രണ പദ്ധതി

34. ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതി

35. സമഗ്ര ആരോഗ്യ പദ്ധതി

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൻ.ആർ.എച്ച്.എം.-ൽ 8498 ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. തസ്തികകളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ഡി) പത്രങ്ങൾ വഴിയും ആരോഗ്യകേരളം വെബ്സൈറ്റ് വഴിയും പരസ്യം നൽകിയും അപേക്ഷ ഓൺലൈൻ വഴി സ്വീകരിച്ചും കേന്ദ്രസർക്കാർ പ്രതിനിധി അടങ്ങുന്ന ഇന്റർവ്യൂ ബോർഡിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് പട്ടികയിൽ നിന്നുമാണ് വിവിധ തസ്തികകളുടെ നിയമനം നടത്താറുള്ളത്.

എൻ.ആർ.എച്ച്.എം. വഴി നടപ്പിലാക്കിയ പദ്ധതികൾ

24 (2298) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ എൻ.ആർ.എച്ച്.എം.വഴി കൽപ്പറ്റ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവയുടെ ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് വയനാട് ജില്ലയിലെ കൽപ്പറ്റ നിയോജക മണ്ഡലത്തിൽ ആരംഭിച്ചതായ പദ്ധതികളും/പ്രവൃത്തികളും താഴെക്കൊടുക്കുന്നു:

ക്രമ നമ്പർ	പദ്ധതി	വകയിരുത്തിയത്	ചെലവാക്കിയത്
1	കൈനാട്ടി ജനറൽ ആശുപത്രി പുതിയ കെട്ടിടനിർമ്മാണം	7.2 കോടി	7.2 കോടി
2	ജീവനക്കാരുടെ താമസസൗകര്യം (താലൂക്ക് ആശുപത്രി, വൈത്തിരി)	75 ലക്ഷം	75 ലക്ഷം
3	ഡി.ഇ.ഐ.സി. ഇലക്ട്രിസിറ്റി, വാട്ടർ കണക്ഷൻ	1 ലക്ഷം	1 ലക്ഷം
4	കൈനാട്ടി ജനറൽ ആശുപത്രി എച്ച്.റ്റി. ലൈൻകണക്ഷൻ	45 ലക്ഷം	ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു
5	വൈത്തിരി താലൂക്ക് ആശുപത്രി വാർഡ് നവീകരണം.	1 കോടി	1 കോടി
6	ജീവനക്കാരുടെ താമസസൗകര്യം (ജനറൽ ആശുപത്രി, കൽപ്പറ്റ)	75 ലക്ഷം	75 ലക്ഷം

എൻ.എച്ച്.എം. വഴിയുള്ള ഫിസിയോതെറാപ്പിസ്റ്റ് നിയമനങ്ങൾ

25 (2299) ശ്രീ. ജി. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്.എം. വഴി സ്റ്റാഫ് നഴ്സ്, ജെ.പി.എച്ച്.എൻ., ഫാർമസിസ്റ്റ് എന്നീ തസ്തികകളിൽ നിയമനം നടത്തുന്നതിന്റെ മാനദണ്ഡമെന്താണ്; വിശദമാക്കാമോ;

(ബി) എൻ.എച്ച്.എം. വഴിയുള്ള ഫിസിയോതെറാപ്പിസ്റ്റ് നിയമനങ്ങൾ പി. എസ്. സി. ലിസ്റ്റിൽ നിന്നും നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly